**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5985** 04/07/2019 ലെ മറുപടി

**പരീക്ഷയുടെ മാർക്കിനോടൊപ്പം ഗ്രേസ് മാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പരീക്ഷയുടെ മാർക്കിനോടൊപ്പം ഗ്രേസ് മാർക്ക് ചേർക്കരുതെന്ന നിർദ്ദേശം എസ്.സി.ഇ.ആർ.റ്റി.സി.യും, ബാലാവകാശ കമ്മീഷനും നൽകിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പരീക്ഷയുടെ മാർക്കിനോടൊപ്പം ഗ്രേസ് മാർക്ക് ചേർക്കരുതെന്ന നിർദ്ദേശം എസ്.സി.ഇ.ആർ.റ്റി.സി.യിൽ നിന്നോ ബാലാവകാശ കമ്മീഷനിൽ നിന്നോ ലഭിച്ചിട്ടില്ല. ഗ്രേസ് മാർക്ക് വിവിധ വിഷയങ്ങളുടെ സ്കോറിനോടൊപ്പം ചേർത്തു ഫലപ്രഖ്യാപനം നടത്തുന്ന നിലവിലെ രീതിയെ സംബന്ധിച്ച് പല വിമർശനങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രേസ് മാർക്ക് സംബന്ധിച്ച പഠനം നടത്താൻ എസ്.സി.ഇ.ആർ.റ്റി. തീരുമാനിക്കുകയുണ്ടായെങ്കിലും പഠനം പൂർത്തിയായിട്ടില്ല. |
| (ബി) പ്രസ്തുത ശുപാർശകൾ നിലനിൽക്കുമ്പോൾ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾക്ക് മാർക്കിനോടൊപ്പം ഗ്രേസ് മാർക്കും ചേർക്കുന്ന രീതി ഇപ്പോഴും തുടരുന്നുണ്ടോ; | (ബി) മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷയുടെ മാർക്കിനൊപ്പം ഗ്രേസ് മാർക്ക് ചേർത്ത് നൽകിയിട്ടുണ്ട്. |
| (സി) ലിറ്റിൽ കൈറ്റ്സിൽ പഠിക്കുന്നവർക്കും അവധികാലത്ത് നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കുന്നതുമായ കുട്ടികൾക്ക് പുതിയതായി ഗ്രേസ് മാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം? | (സി) ലിറ്റിൽ കൈറ്റ്സിൽ പഠിക്കുന്നവർക്കോ അവധിക്കാലത്ത് നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കുന്നവർക്കോ പുതിയതായി ഗ്രേസ് മാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ